പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 295 | 23.03.2015 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടികൾക്ക് കെട്ടിടം | |
| ചോദ്യം | ഉത്തരം |
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.ജി.സുധാകരൻ<br>,, എ.എം. ആരിഫ്<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വാടക നൽകാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങാൻ വ്യവസ്ഥയുണ്ട്. കൂടാതെ സർക്കാർ ഭൂമി, പുറമ്പോക്ക് ഭൂമി, സ്കൂൾ കോമ്പൗണ്ടുകൾ, സൗജന്യമായി ജനങ്ങളിൽ നിന്നും ഭൂമി സ്വീകരിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നുണ്ട്. |
| (സി)ഒരോ അംഗൻവാടികൾക്കും വാടക യിനത്തിൽ നിലവിൽ എന്തു തുകയാണ് സർക്കാരിൽ നിന്നും നൽകുന്നത്; ഇത് ഇന്നത്തെ സാഹചര്യത്തിൽ പര്യാപ്തമാണോ; | (സി) അങ്കണവാടി കെട്ടിടങ്ങളുടെ പുതുക്കിയ നിരക്കിലുള്ള വാടക താഴെപ്പറയും പ്രകാരമാണ്. |

| നിലവിലുള്ള നിരക്ക് | | പുതുക്കിയ നിരക്ക് |
|---|---|---|
| റൂറൽ/ട്രൈബൽ | 200 രൂപ | 750 രൂപ |
| അർബൻ | 750 രൂപ | 3,000 രൂപ |

ഐസിഡിഎസ് മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പുതുക്കിയ വാടക നിരക്കുകൾ ലഭ്യമാക്കണമെങ്കിൽ അങ്കണവാടികൾക്ക് 500 മുതൽ 600 ചതുരശ്ര അടി വിസ്തീർണം ഉണ്ടായിരിക്കണം. ആയതിനാൽ ടി മാനദണ്ഡങ്ങൾ പാലിക്കുന്ന അങ്കണവാടികളുടെ വിവരങ്ങൾ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

| ചോദ്യം | ഉത്തരം |
|---|---|
| (ഡി) വാടകയിനത്തിൽ അംഗൻവാടികൾക്ക് നൽകേണ്ടുന്ന തുകയിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി)നിലവിൽ കുടിശ്ശിക ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| കുടിശ്ശികയുള്ള അങ്കണവാടികളുടെ എണ്ണം | | തുക |
|---|---|---|
| തിരുവനന്തപുരം | 1386 | 13,06,800 രൂപ |
| കൊല്ലം | 52 | 2,27,150 രൂപ |
| പാലക്കാട് | 5 പ്രോജക്ടുകൾ | 1.13,200 രൂപ |

സെക്ഷൻ ഓഫീസർ